(ബി) 18-2-2000-ലെ റിട്ട് അപ്പീൽ 744/99-ലെ ബഹു.ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ, ലോവർ പ്രൈമറി നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി.യും, ടി.ടി.സി.യും അപ്പർ പ്രൈമറി നിയമനത്തിന് എസ്.എസ്.എൽ.സി., ടി.ടി.സി. യോഗ്യതയോടൊപ്പം ബി.എഡ്.ബിരുദയോഗ്യതയും ആയി കെ.ഇ.ആറിലെ ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സർക്കാർ സ്കൂളുകൾക്ക് ബാധകമായ നിയമ ഭേദഗതി പരിശോധിച്ചു വരികയാണ്.

(സി) ഉണ്ട്.

(ഡി) അറിയില്ല.

(ഇ) ഇല്ല.

(എഫ്) ലോവർ പ്രൈമറി തലത്തിൽ എസ്.എസ്.എൽ.സി.യും, ടി.ടി.സി.യും അപ്പർ പ്രൈമറി തലത്തിൽ എസ്.എസ്.എൽ.സി., ടി.ടി.സിക്കാരോടൊപ്പം ബി.എഡ്. ബിരുദ യോഗ്യതയും ഹൈസ്കൂൾ തലത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദവും ബി.എഡ്. ബിരുദവും.

കർണ്ണാടക ടി.സി. എച്ച്. കോഴ്സ്

92(633) ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടക ടിസിഎച്ച് കോഴ്സ് ഏത് വർഷം വരെ പാസ്സായിട്ടുള്ളവർക്കാണ് ഇതുവരെ ഇൻസർവ്വീസ് കോഴ്സ് നടത്തിയിട്ടുള്ളത് ;

(ബി) ഇനിയും ഇൻസർവ്വീസ് കോഴ്സ് നടത്താനുള്ളവർക്ക് വേണ്ടി എന്ന് കോഴ്സ് നടത്തുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ സർവ്വീസിൽ ഇല്ലാത്തവർക്കും ഇൻസർവ്വീസ് കോഴ്സിനു പ്രവേശനം നൽകുമോ ?

ഉത്തരം

(എ) 1983-84 വർഷം വരെ ടി.സി.എച്ച്. കോഴ്സ് പൂർത്തിയാക്കിയ ശേഷം 1995-96-ന് മുമ്പ് ജോലിയിൽ പ്രവേശിച്ചവർക്കാണ് ഇൻസർവ്വീസ് കോഴ്സ് നടത്തിയിട്ടുള്ളത്.

(ബി) ടി.സി.എച്ച്.ഇപ്പോൾ ഒരു അംഗീകൃത യോഗ്യത അല്ലാത്തതിനാൽ ഇൻസർവ്വീസ് കോഴ്സ് നടത്തുന്ന കാര്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

വനപ്രദേശങ്ങളിലുള്ള സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത അവസ്ഥ

93 (636) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വന പ്രദേശങ്ങളിലുള്ള സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്തതു മൂലം ക്ലാസ്സുകൾ സുഗമമായി നടക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിയമനം ലഭിക്കുന്നവർ ഈ പ്രദേശങ്ങളിൽ ജോലി നോക്കാൻ തയ്യാറാവാതെ സ്ഥലം മാറ്റം വാങ്ങിപ്പോകുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇങ്ങനെയുണ്ടാകുന്ന ഒഴിവുകൾ നികത്താൻ സർക്കാർ എന്തു നടപടിയാണ് കൈക്കൊണ്ടു വരുന്നത് ;

(ഡി) അന്തർ ജില്ല സ്ഥലം മാറ്റം ആഗ്രഹിക്കുന്നവർ ഇങ്ങനെയുള്ള റിമോട്ട് ഏരിയായിലുള്ള സ്കൂളുകളിൽ ജോലി ചെയ്യാൻ തയ്യാറാവുകയാണെങ്കിൽ പ്രത്യേക നിബന്ധനകൾക്ക് വിധേയമായി മുൻഗണന നൽകി അന്തർജില്ലാ സ്ഥലം മാറ്റം നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) അന്തർജില്ലാ സ്ഥലം മാറ്റത്തിന് ഇത് ഒരു ഉപാധിയായി വച്ച് അങ്ങനെയുള്ളവർക്ക് മുൻഗണന നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സ്ഥലം മാറ്റം മൂലവും അല്ലാതെയും ഉണ്ടാകുന്ന എല്ലാ ഒഴിവുകളും നികത്തുന്നതിനു വേണ്ട നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കാറുണ്ട്. പി.എസ്.സി.യിൽ നിന്നും ശുപാർശ ലഭിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടാകാറുള്ളൂ. പി.എസ്.സി. ലിസ്റ്റ് ഇല്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്താറുണ്ട്.

(ഡി & ഇ) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് ഉപദേശക സമിതി

94 (640) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം ആരംഭിക്കുന്നതിന് മലയാളികളായ നോൺ റസിഡന്റ് ഇൻഡ്യൻസിൽ നിന്നും എത്ര കമ്പ്യൂട്ടർ ലഭിച്ചു. ഈ കമ്പ്യൂട്ടറുകൾ ഏതെല്ലാം സ്കൂളുകളിൽ ആണ് സ്ഥാപിച്ചിട്ടുള്ളത് ; സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് സിലബസ് ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് ആവശ്യമായ ട്രെയിനിംഗ് നൽകുവാൻ മൈക്രോസോഫ്റ്റ് സമ്മതിച്ചിരുന്നുവോ ; എങ്കിൽ മൈക്രോ സോഫ്റ്റ് എത്ര പേർക്ക് ട്രെയിനിംഗ് നൽകി : ട്രെയിനിംഗ് പദ്ധതിയിൽ നിന്നും മൈക്രോസോഫ്റ്റിനെ ഒഴിവാക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly